(ഡി) ഉണ്ട്.

(ഇ) ഓഡിറ്റ് ഫീസായി ലഭിക്കുന്ന തുക സാധാരണയായി ഓഡിറ്റർമാരുടെ ശമ്പളത്തിന് ചെലവാകുന്ന തുകയിൽ കുറവായിരിക്കും. സഹകരണ ചട്ടം 65 (3)-ാം ഉപവകുപ്പ്പ്രകാരം ഓഡിറ്റ് ഫീസിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള സംഘങ്ങളിൽ സൗജന്യ മായി ഓഡിറ്റ് നടത്തേണ്ടിവരുന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. 2002-03 വർഷത്തെ വരവ് 2.33 കോടി രൂപയും ചെലവ് 2.55 കോടി രൂപയുമാണ്.

(എഫ്) 2001-2002 വരെ .. 7 ജില്ലകൾ
2000-2001 വരെ .. 2 ജില്ലകൾ
1999-2000 വരെ .. 1 ജില്ല
1998-1999 വരെ .. 2 ജില്ലകൾ
1997-1998 വരെ .. 2 ജില്ലകൾ

വിഴിഞ്ഞത്ത് അന്താരാഷ്ട്ര ടെർമിനൽ സ്ഥാപിക്കുവാൻ സഹായ വാഗ്ദാനം

147 [1286] ശ്രീ. കെ. സി. വേണുഗോപാൽ:
,, എം. മുരളി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞത്ത് ഒരു അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിന് വേണ്ടി വാഗ്ദാനമോ, സഹായ വാഗ്ദാനമോ ആയി ആരെല്ലാം മുന്നോട്ടു വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിഴിഞ്ഞത്ത് ഇത്തരം ഒരു ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പണികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാഗ്ദാനവുമായി ആരും മുന്നോട്ടുവന്നിട്ടില്ല. എന്നാൽ തല്പരരായവരെ കണ്ടെത്താനായി പരസ്യം നൽകിയതിനെത്തുടർന്ന് ചില സ്ഥാപനങ്ങൾ സർക്കാരുമായി ബന്ധപ്പെട്ട് വരുന്നു. മാർച്ച് 15-നാണ് താല്പര്യം പ്രകടിപ്പിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകേണ്ടത്.

(ബി) ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ടിന്റെ ആദ്യഘട്ടം ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തുറമുഖ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചുകൊണ്ട് കഴിഞ്ഞ ഡിസംബറിൽ പത്രപരസ്യം നൽകി യിട്ടുണ്ട്. അനുയോജ്യമായ നിർദ്ദേശം ലഭിച്ചശേഷം മാത്രമേ എന്ന് പണി തുടങ്ങാൻ കഴിയുമെന്ന് പറയാനാവൂ.

തുറമുഖങ്ങളുടെ വികസനം

148 [1287] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി പുതുതായി ഏതെല്ലാം പദ്ധതികളാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

ഉത്തരം

(എ, ബി) സംസ്ഥാനത്തെ അഴീക്കൽ, ബേപ്പൂർ, പൊന്നാനി, മുനമ്പം, ആലപ്പുഴ, തങ്കശ്ശേരി, വിഴിഞ്ഞം എന്നീ തുറമുഖങ്ങൾ മുൻഗണന നൽകി വികസിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇവയിൽ അഴീക്കൽ, ആലപ്പുഴ എന്നിവയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞു. വിഴിഞ്ഞം തുറമുഖ വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്.

തുറമുഖ വകുപ്പിന് കീഴിലുള്ള ഹൈഡ്രോഗ്രാഫിക് വിങ്ങിന്റെ പ്രവർത്തനങ്ങൾ

149 [1288] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന് കീഴിലുള്ള ഹൈഡ്രോഗ്രാഫിക് വിംഗിൽ ഏതെല്ലാം തസ്തികയിൽ എത്ര ജീവനക്കാർ വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹൈഡ്രോഗ്രാഫിക് വിംഗ് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി ചെലവായ തുക എത്ര വീതമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിലെ തസ്തികകളും അവയിലെ ജീവനക്കാരുടെ എണ്ണവും കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിൽ നടത്തിയ സർവ്വേ പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു:

1. വിഴിഞ്ഞം ഹാർബർ ബേസിൽ നോർത്ത് ആന്റ് സൗത്ത് വാർഫ്—ഏപ്രിൽ/മേയ് 2001
2. അഴീക്കൽ—ഏപ്രിൽ/മേയ് 2001
3. തങ്കശ്ശേരി പോർട്ട് ഇൻസൈഡ്—മേയ് 2001
4. നീണ്ടകര ബേസിൻ-പ്രീ-മൺസൂൺ—മേയ് 2001
5. കൊച്ചിൻ ഇന്റഗ്രേറ്റഡ് ഫിഷറീസ് പ്രോജക്ട്-പ്രീ-ഡ്രഡ്ജിംഗ് ഇൻ ഫ്രണ്ട് ഓഫ് ദി ജെട്ടി—ആഗസ്റ്റ് 2001
6. ബേപ്പൂർ ഹാർബർ പ്രോജക്ട്-പോസ്റ്റ് മൺസൂൺ സർവ്വേ—സെപ്റ്റംബർ 2001
7. ബേപ്പൂർ പോർട്ട് ബേസിൻ—സെപ്തംബർ 2001
8. അഴീക്കോട്-പോസ്റ്റ് മൺസൂൺ സർവ്വേ—ഒക്ടോബർ 2001
9. അഴീക്കൽ പോസ്റ്റ് മൺസൂൺ സർവ്വേ—ഒക്ടോബർ 2001
10. കൊറ്റി-കോട്ടപ്പുറം നാഷണൽ വാട്ടർ വേ (എൽ. ഡബ്ല്യു. 3) (35 കി.മീ.) —ഒക്ടോബർ 2001
11. പൊന്നാനി—നവംബർ 2001
12. ചെറുവത്തൂർ പോസ്റ്റ് മൺസൂൺ സർവ്വേ—നവംബർ 2001

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly